REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 14-07-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ആഗോള ടെക്സ്റ്റൈൽ മേളയായ 'ഭാരത് ടെക്സ് 2026'ന് ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ തുടക്കമായി.**
- **മലയാളി ഡോ.അനിൽ മേനോൻ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് ഇന്ന് യാത്ര തിരിക്കും.**
- **വിജ്ഞാനത്തിന്റെ വിശാല ലോകത്ത് വിദ്യാർത്ഥികൾ കഠിനാധ്വാനത്തോടെ മുന്നോട്ട് പോകണമെന്ന് മുഖ്യമന്ത്രി V.D.സതീശൻ.**
- **അമ്മമാരും സഹോദരിമാരുമാണ് ഓപ്പറേഷൻ തൂഫാൻ പദ്ധതി നയിക്കുന്നതെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **ലോകകപ്പ് ഫുട്ബോൾ സെമി ഫൈനലിൽ രാത്രി പന്ത്രണ്ടരക്ക് സ്പെയിൻ, ഫ്രാൻസുമായി ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

രാജ്യത്തെ ഏറ്റവും വലിയ ആഗോള ടെക്സ്റ്റൈൽ മേളയായ 'ഭാരത് ടെക്സ് 2026'ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. കേന്ദ്ര മന്ത്രി ഗിരിരാജ് സിംഗ്, നാല് ദിവസത്തെ പരിപാടി ഉദ്ഘാടനം ചെയ്തു.

മേളയുടെ മൂന്നാം പതിപ്പാണിത്. ഫാമിൽ നിന്ന് ഫൈബറിലേക്കും ഫാക്ടറിയിലേക്കും ഫാഷനിലേക്കും ഫോറിനിലേക്കുമെന്ന പ്രധാനമന്ത്രിയുടെ ഫൈവ് F വീക്ഷണത്തിൽ പ്രചോദനം ഉൾകൊണ്ടാണ് ഭാരത് ടെക്സ് യാഥാർത്ഥ്യമാക്കുന്നത്.

വസ്ത്രധാരണം, സുസ്ഥിരത, സാങ്കേതികവിദ്യ, നവീകരണം, നിക്ഷേപം, അന്താരാഷ്ട്ര വ്യാപാരം എന്നിവയിൽ ആഗോളതലത്തിൽ രാജ്യം

കൈവരിക്കുന്ന നേട്ടങ്ങൾ വ്യക്തമാക്കുകയാണ് ഭാരത് ടെക്സ് രാജ്യാന്തരമേളയുടെ ലക്ഷ്യം. 14 രാജ്യങ്ങളിൽ നിന്ന് ഇരുപതിനായിരത്തിലധികം ടെക്സ്റ്റൈൽസ് ഉൽപ്പന്നങ്ങൾ മേളയിൽ പ്രദർശിപ്പിക്കും.

✪✪✪

രാജ്യത്ത് ഏഴ് ESI ആരോഗ്യപരിപാലന പദ്ധതികൾക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ തെലങ്കാനയിൽ ഇന്ന് തുടക്കം കുറിക്കും. 668 കോടി രൂപയുടെ പദ്ധതികൾ 53 ലക്ഷം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടും. തെലങ്കാനയ്ക്കു പുറമെ അസം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, കോട്ട, രാജസ്ഥാൻ എന്നിവിടങ്ങളിലെ ESI ആശുപത്രികളിലാണ് പദ്ധതി ആരംഭിക്കുന്നത്.

✪✪✪

ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ - 'സൗശ്രുതം 2026' എന്ന പേരിൽ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സെമിനാർ നാളെ ആരംഭിക്കും. ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും.

ശസ്ത്രക്രിയയുടെ പിതാവായി ആദരിക്കപ്പെടുന്ന ആചാര്യ സുശ്രുതനെ അനുസ്മരിച്ചാണ് എല്ലാ വർഷവും ജൂലൈ 15-ന് സുശ്രുത ജയന്തി ആഘോഷിക്കുന്നത്.

ആയുർവേദ, ആധുനിക ശസ്ത്രക്രിയാ വിഭാഗങ്ങൾ തമ്മിലെ അക്കാദമിക് സഹകരണം ശക്തിപ്പെടുത്തുന്നതിനൊപ്പം ശസ്ത്രക്രിയാ വിദ്യാഭ്യാസത്തിലെ ഗവേഷണം, നവീകരണം, മികവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിട്ടാണ് അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുന്നതെന്ന് A.I.I.A ഡയറക്ടർ പ്രജാപതി പറഞ്ഞു.

✪✪✪

പശ്ചിമബംഗാളിൽ ബോട്ട് മുങ്ങി മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

ഈ മാസം ആദ്യം കാണാതായ മത്സ്യബന്ധന ബോട്ട് ബംഗാൾ ഉൾക്കടലിൽ മറിഞ്ഞ നിലയിൽ ഞായറാഴ്ച കണ്ടെത്തിയിരുന്നു. ബോട്ടിൽ നിന്ന് ഒമ്പത് മത്സ്യത്തൊഴിലാളികളുടെ മൃതദേഹം അഴുകിയ നിലയിൽ കണ്ടെത്തി. ആറ് പേരെ ഇനിയും കണ്ടെത്തിയിട്ടില്ല.

✪✪✪

ഇന്നലെ അന്തരിച്ച ഖത്തർ അമീർ ഷേഖ് ഹമദ് ബിൻ ഖലീഫ അൽത്താനിയുടെ നിര്യാണത്തിൽ അനുശോചനം അറിയിക്കാൻ കേന്ദ്രമന്ത്രി കിരൺ  റിജിജു ഖത്തറിലേക്ക് പുറപ്പെട്ടു. ഇന്ത്യ-ഖത്തർ സൗഹൃദബന്ധം കാത്ത് സൂക്ഷിക്കുന്നതിൽ അമീറിന്റെ സംഭാവന വിലമതിക്കാനാവത്താതാണെന്ന് അദ്ദേഹം പറഞ്ഞു.

ആധുനിക ഖത്തർ കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്ക് വഹിച്ച വ്യക്തിയും ഇന്ത്യയുടെ ഉറ്റ സുഹൃത്തുമായിരുന്നു ഷേഖ് ഹമദ് ബിൻ ഖലീഫ അൽത്താനിയെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

2028-29 കാലയളവിലെ ഐക്യരാഷ്ട്രസംഘടനാ സുരക്ഷാ കൗൺസിലിന്റെ താൽകാലിക അംഗത്വ നയതന്ത്ര പ്രചാരണത്തിന് ഇന്ത്യ തുടക്കം കുറിച്ചു.

ലോകം സംഘർഷങ്ങളും അസ്ഥിരതയും അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്ര സംഘടനയുടെ പങ്ക് മുമ്പെന്നത്തേക്കാളും നിർണായകമാണെന്ന് ന്യൂയോർക്കിലെ UN ആസ്ഥാനത്ത് വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കർ പറഞ്ഞു. ആഗോള സമാധാനം, സുരക്ഷ, തുല്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കാൻ  ഇന്ത്യയുടെ ശാന്തി ദർശനം ഏറെ സഹായകമായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സുരക്ഷാ കൗൺസിലിൽ ഇന്ത്യയുടെ സാന്നിധ്യം സുപ്രധാന സമിതിയിൽ തീരുമാനമെടുക്കൽ ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് പറഞ്ഞു. ഇന്ത്യ മുമ്പ് എട്ട് തവണ സുരക്ഷാ കൗൺസിലിൽ താൽകാലിക അംഗമായിരുന്നു.

✪✪✪

മലയാളിയായ യു.എസ് സ്പേസ് ഫോഴ്സ് കേണൽ ഡോ.അനിൽ മേനോൻ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് ഇന്ന് യാത്ര തിരിക്കും. ഇന്ത്യൻ സമയം രാത്രി 8.17-ന് കസാഖ്സ്ഥാനിലെ ബൈക്കനൂർ കോസ്മോ ഡ്രോമിൽ നിന്ന് റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ് കോസ്മോസിന്റെ സോയുസ് M.S.-29 ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര. ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ മലയാളിയെന്ന ചരിത്രനേട്ടം സ്വന്തമാക്കുന്ന അനിൽ മേനോൻ 2027 ഏപ്രിൽ വരെ ഗവേഷണ പ്രവർത്തനങ്ങൾക്കായി നിലയത്തിൽ തുടരും.

✪✪✪

വിജ്ഞാനത്തിന്റെ വിശാല ലോകത്ത് വിദ്യാർത്ഥികൾ അർപ്പണബോധത്തോടെ കഠിനാധ്വാനം ചെയ്ത് മുന്നോട്ട് പോകണമെന്ന് മുഖ്യമന്ത്രി V.D.സതീശൻ പറഞ്ഞു. ലിറ്റിൽ കൈറ്റ്സ് IT ക്ലബ്ബുകളുടെ 2026-ലെ സംസ്ഥാന - ജില്ലാ തല അവാർഡുകൾ തിരുവനന്തപുരത്ത് നൽകുകയായിരുന്നു അദ്ദേഹം.

നാടിന്റെയാകെ സ്വപ്നം സാക്ഷാത്കരിക്കാൻ ലോകത്തിന്റെ നെറുകയിൽ വിദ്യാർത്ഥികളുണ്ടാകണമെന്നും അവാർഡ് ജേതാക്കളെ അഭിനന്ദിച്ച മുഖ്യമന്ത്രി പറഞ്ഞു. നിയമസഭ സമുച്ചയത്തിലെ R ശങ്കരനാരായണൻ തമ്പി ഹാളിലെ ചടങ്ങിൽ മന്ത്രി N.ഷംസുദ്ദീൻ അധ്യക്ഷനായി. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യാതിഥിയായി.

✪✪✪

അമ്മമാരും സഹോദരിമാരുമാണ് ഓപ്പറേഷൻ തൂഫാൻ പദ്ധതി നയിക്കുന്നതെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. സംസ്ഥാനത്ത് 42 ദിവസമായി പദ്ധതി വിജയകരമായി മുന്നോട്ട് പോവുകയാണെന്ന് 'ഓപ്പറേഷൻ തൂഫാൻ' മധ്യതിരുവിതാംകൂർ മേഖലാ പ്രചാരണം കോട്ടയത്ത് ഉദ്ഘാടനം ചെയ്ത അദ്ദേഹം പറഞ്ഞു.

✪✪✪

കുട്ടികളുടെ മാനസിക വളർച്ചയ്ക്ക് തിരിച്ചടി ഉണ്ടാകുന്ന യാതൊരു പ്രവൃത്തിയും പാടില്ലെന്ന് മന്ത്രി A.P അനിൽ കുമാർ പറഞ്ഞു. മുൻ മന്ത്രി കെ.ടി.ജലീൽ പൊതുപരിപാടിയിൽ കുട്ടികളെ ശാസിച്ച സംഭവവുമായി ബന്ധപ്പെട്ട് കണ്ണൂരിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച കൊട്ടാരക്കര സ്വദേശികളായ A.C തോമസിന്റെയും, ഭാര്യ ലോവേനി തോമസിന്റെയും സംസ്കാരം നാളെ വൈകിട്ട് കൊട്ടാരക്കര മാർത്തോമ്മ പള്ളിയിൽ നടത്തും.

ഇരുവരുടെയും മൃതദേഹങ്ങൾ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് രാവിലെ ജന്മനാടായ കൊട്ടാരക്കരയിലേക്ക് കൊണ്ടു പോയി. ഇന്ന് കൊട്ടാരക്കര താലൂക്ക് ആശുപത്രി മോർച്ചറിയിലാണ് മൃതദേഹങ്ങൾ സൂക്ഷിക്കുക. നാളെ രാവിലെ ജൂബിലി മന്ദിര ചാപ്പലിൽ പൊതുദർശനത്തിന് വെയ്ക്കും.

മുംബൈയിൽ നിന്നും എയർ ഇന്ത്യ വിമാനത്തിൽ രാവിലെ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിച്ച മൃതദേഹങ്ങൾ മന്ത്രിമാരായ CP ജോൺ, P.C വിഷ്ണുനാഥ്, കൊടിക്കുന്നിൽ സുരേഷ് MP എന്നിവരാണ് ഏറ്റുവാങ്ങിയത്.

✪✪✪

തിരുവനന്തപുരം നഗരസഭ കൗൺസിലറായി R.സുഗതൻ വിയ്യൂർ ജയിലിൽ സത്യപ്രതിജ്ഞ ചെയ്തു. ഹൈക്കോടതി ഉത്തരവ് പ്രകാരമാണ് സത്യപ്രതിജ്ഞ. കാപ്പ കേസിൽ പ്രതിയായതിനെ തുടർന്നാണ് ഇയാൾ ജയിലിലായത്.

✪✪✪

തിരുവനന്തപുരം നഗരസഭയിലെ BJP കൗൺസിലർമാർ അയോഗ്യരാവില്ലെന്ന് മേയർ V.V രാജേഷ് പറഞ്ഞു. അഞ്ചുവർഷവും ഭരണം മുന്നോട്ടു കൊണ്ടുപോകുമെന്നും, കോടതിയുടെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുമെന്നും അദ്ദേഹം അറിയിച്ചു. കൗൺസിലർ R.സുഗതന്റെ സത്യപ്രതിജ്ഞാ ചടങ്ങിന് വിയ്യൂർ സെൻട്രൽ ജയിലിലെത്തിയ മേയർ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു.

✪✪✪

ഇന്നലെ അന്തരിച്ച ആകാശവാണി മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ NS ഐസക്കിന്റെ സംസ്കാരം ഉച്ചകഴിഞ്ഞ് തിരുവനന്തപുരം പാളയം CSI ക്രൈസ്റ്റ് ചർച്ച് സെമിത്തേരിയിൽ നടത്തും. 79 -കാരനായ അദ്ദേഹത്തിന്റെ അന്ത്യം തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു .

തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, പോണ്ടിച്ചേരി നിലയങ്ങളിൽ ഡയറക്ടർ ആയിരുന്നു. ആകാശവാണിയിൽ ട്രാൻസ്മിഷൻ എക്സിക്യൂട്ടീവ് ആയി പ്രവേശിച്ച അദ്ദേഹം ഡെപ്യൂട്ടി ഡയറക്ടർ ജനറലായാണ് വിരമിച്ചത്. കോഴിക്കോട്, ന്യൂഡൽഹി, പുതുച്ചേരി നിലയങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. നാടകങ്ങളും ചെറുകഥകളും രചിച്ച ഐസക്, റേഡിയോ നാടക രംഗത്തും പ്രസിദ്ധനായിരുന്നു.

✪✪✪

ആഗോള ക്രൂഡ് ഓയിൽ വില കുത്തനെ ഉയർന്നു. ഇറാനിയൻ തുറമുഖങ്ങളിൽ വീണ്ടും ഉപരോധം ഏർപ്പെടുത്തുമെന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനത്തെ തുടർന്നാണിത്.

✪✪✪

ലോകകപ്പ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഡാലസിൽ രാത്രി പന്ത്രണ്ടരയ്ക്ക് ആദ്യ സെമിയിൽ ഫ്രാൻസ് - സ്പെയിനിനെ നേരിടും.

ജോർജിയയിൽ നാളെ രാത്രി പന്ത്രണ്ടരയ്ക്ക് രണ്ടാം സെമിയിൽ അർജ്ജന്റീന, ഇംഗ്ലണ്ടിനെ നേരിടും.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് പുരുഷ ഏകദിന ക്രിക്കറ്റ് മൂന്ന് മത്സര പരമ്പരയിലെ ആദ്യ കളി ഇന്ന്. ഇന്ത്യൻ സമയം വൈകീട്ട് മൂന്നരയ്ക്ക് ബർമിംഗ്ഹാമിലാണ് മത്സരം.

✪✪✪

യുണൈറ്റഡ് കിംഗ്ഡം എക്സ്പോഷർ ടൂറിന്റെ അവസാന മത്സരത്തിൽ ഇന്ന് ഇന്ത്യൻ ജൂനിയർ വനിതാ അണ്ടർ 21 ഹോക്കി ടീം ബെൽജിയത്തെ നേരിടും. ഇംഗ്ലണ്ടിലെ ലില്ലെഷാൽ നാഷണൽ സ്പോർട്സ് സെന്ററിലാണ് മത്സരം. 2-0 ന് ഇന്ത്യൻ ടീം മുന്നിലാണ്.

✪✪✪

പശ്ചിമേഷ്യയിൽ പ്രതിസന്ധി ഉയർത്തി തുടർച്ചയായ മൂന്നാം ദിവസവും ഇറാനിൽ അമേരിക്കയുടെ ആക്രമണം. ഇറാനിയൻ തീരദേശ പ്രതിരോധ സംവിധാനം, മിസൈലുകൾ, ഡ്രോൺ, സമുദ്ര ശേഷി എന്നിവ ലക്ഷ്യമിട്ട് അബു മൂസ, ബന്ദർ അബ്ബാസ്, ബുഷെർ, ചാഹ്ബഹാർ, ജാസ്ക്, കൊണാർക്ക് എന്നിവിടങ്ങളിൽ ആക്രമണം നടത്തിയതായി യുഎസ് സൈന്യം അറിയിച്ചു. ആക്രമണം ഇറാനും സ്ഥിരീകരിച്ചു. സംഭവത്തിൽ ആളപായമോ നാശ നഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪

സൗദി അറേബ്യയിലെ അബ്ഹ അന്താരാഷ്ട്ര വിമാനത്താവളത്തിനു നേരെ മിസൈലുകളും, ഡ്രോണുകളും വിക്ഷേപിച്ചതായി ഇറാൻ പിന്തുണയ്ക്കുന്ന ഹൂതി വിമതർ അറിയിച്ചു. യെമനിലെ സന അന്താരാഷ്ട്ര വിമാനത്താവളത്തിനു നേരെയുണ്ടായ വ്യോമാക്രമണങ്ങൾക്ക് പ്രതികാരമായാണ് മിസൈലുകൾ വിക്ഷേപിച്ചതെന്നും ഹൂതികൾ വ്യക്തമാക്കി.

✪✪✪

UDF ഗവൺമെന്റ് പ്രസിദ്ധീകരിച്ച ധവള പത്രത്തിന് ബദലായി CPIM തയ്യാറാക്കിയ ധവള പത്രം തിരുവനന്തപുരത്ത് ഇന്ന് പുറത്തിറക്കും. AKG പഠന ഗവേഷക കേന്ദ്രം തയ്യാറാക്കിയ വസ്തുതകളുടെ ധവളപത്രം വൈകിട്ട് പ്രതിപക്ഷനേതാവ് പിണറായി വിജയനാണ് പ്രകാശനം ചെയ്യുന്നത്.

✪✪✪

അധ്യാപകനും, പ്രമുഖ പരിസ്ഥിതി പ്രവർത്തകനും പ്രാദേശിക പത്രപ്രവർത്തകനുമായ സലാം നടുക്കണ്ടി കോഴിക്കോട്ട് അന്തരിച്ചു. വിദ്യാഭ്യാസ-സാമൂഹിക-പരിസ്ഥിതി മേഖലകളിൽ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹം.

✪✪✪

കണ്ണൂർ പൈസക്കരിയിൽ കടന്നൽ കുത്തേറ്റ് തെങ്ങ് കയറ്റ തൊഴിലാളി മരിച്ചു. പാത്തിക്കുളങ്ങര സ്വദേശി സജി ആണ് മരിച്ചത്.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 4,720 രൂപയായി. 13,090 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

---

***ആകാശവാണി വാർത്തകളും വാർത്താധിഷ്ഠിത പരിപാടികളും All India Radio News Calicut എന്ന യൂട്യൂബ് ചാനലിൽ ലഭ്യമാണ്. കൂടുതൽ വാർത്തകൾക്കായി allindiaradionewscalicut എന്ന ഫെയ്സ്ബുക്ക് പേജും @airnews_calicut എന്ന X ഹാൻഡിലും സന്ദർശിക്കുക.***

*News Editor വി കെ സുരേഷ്*
*News Reader:ശരണ്യ രാജൻ*
*News Team: ഫസ്ന ഫാത്തിമ, ജാസ്മി*
*DEO: ഷീബ*